നമ്പർ C4/618/2020

സാങ്കേതിക പരീക്ഷാ കൺട്രോളറുടെ കാര്യാലയം
കൈമനം, തിരുവനന്തപുരം
തീയതി :15/09/2020

**വിജ്ഞാപനം നമ്പർ:18/2020**

വിഷയം:- കെ.ജി.റ്റി.ഇ - **പ്രിന്റിംഗ് ടെക്നോളജി പരീക്ഷ** - 2020

സൂചന:- 1. സ.ഉ (എം.എസ്) നം. 780/2014/ H.Edn തീയതി 12.09.2014.

1. സാങ്കേതിക പരീക്ഷാ കൺട്രോളർ നടത്തുന്ന കെ.ജി.റ്റി.ഇ പ്രിന്റിംഗ് ടെക്നോളജി പരീക്ഷ എഴുതുന്നതിന് യോഗ്യരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.
2. പരീക്ഷാ ടൈംടേബിൾ www.tekerla.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.
3. പരീക്ഷാ കേന്ദ്രങ്ങളുടെ വിവരം പിന്നീട് അറിയിക്കുന്നതാണ്. പരീക്ഷാ കേന്ദ്രത്തിന്റെ സ്ഥാപനമേധാവി പരീക്ഷാനടത്തിപ്പിന് ചുമതലയുള്ള ചീഫ് സൂപ്രണ്ടുമാരായിരിക്കും.

4. **പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നേരിട്ടു നടത്തുന്നതോ/സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് അംഗീകാരമുള്ളതോ ആയ സ്ഥാപനങ്ങളിൽ പ്രിന്റിംഗ് ടെക്നോളജി വിഭാഗത്തിൽപ്പെട്ട വിഷയങ്ങളിൽ പഠനം പൂർത്തീകരിച്ച് 80% ൽ കുറയാതെ ഹാജർ ഉള്ളവർ പരീക്ഷ എഴുതുവാൻ യോഗ്യതയുള്ളവരായിരിക്കും. എന്നാൽ ആരോഗ്യപരമായ കാരണങ്ങളാൽ ഹാജർനില കുറഞ്ഞവർക്ക് (80% താഴെ 65% വരെ ഹാജർ ഉള്ളവർക്ക്) സ്ഥാപന മേധാവി/സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഇക്കാര്യത്തിലെ അപരാധം ഒഴിവാക്കി പരീക്ഷ എഴുതുവാനുള്ള ഉത്തരവ് നേടാവുന്നതാണ്.

5. **സർക്കാർ സർവ്വീസിലുള്ളവർക്കുള്ള പരീക്ഷാ രജിസ്ട്രേഷൻ**

കേരള സർക്കാർ സർവ്വീസിലുള്ള കെ.ജി.റ്റി.ഇ ലോവർ പരീക്ഷ പാസ്സായ, അഞ്ച് വർഷത്തിൽ കുറയാതെ Pre Press, Press work , Post Press Operation and Finishing ഇവയിലേതെങ്കിലും പ്രവൃത്തി പരിചയമുള്ളവരെ സർക്കാർ അംഗീകൃത സ്ഥാപനത്തിൽ കോഴ്സ് പൂർത്തിയാക്കണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം ജീവനക്കാർക്ക് താഴെപ്പറയുന്ന പട്ടിക പ്രകാരം കെ.ജി.റ്റി.ഇ (ലോവർ) പാസ്സ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട് എങ്കി‍ അതിനെതിരെ കാണിച്ചിരിക്കുന്ന ഹയർ പരീക്ഷയ്ക്ക് രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. ഇത്തരത്തിലുള്ള അപേക്ഷകർ പരീക്ഷാ കൺട്രോളർക്ക് നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഈ അപേക്ഷകരെ അംഗീകൃത സ്ഥാപനത്തിൽ പഠനം പൂർത്തീകരിക്കുന്നതിൽ നിന്നും ആവശ്യമായ മിനിമം ഹാജർ, ഇന്റേണൽ അസസ്മെന്റ്, പ്രാക്ടിക്കൽ റെക്കോർഡ്സ് എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇവർ സർക്കാർ ഉദ്യോഗസ്ഥരാണ് എന്ന് തെളിയിക്കുന്നതും ഈ മേഖലയിൽ അഞ്ച് വർഷത്തിൽ കുറയാതെയുള്ള പ്രവർത്തി പരിചയമുണ്ടെന്നുള്ള സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാകുന്നു.

സർവ്വീസ് വിഭാഗത്തിൽ പുതിയതായി അപേക്ഷിക്കുന്നവർ അപേക്ഷാ ഫീസിനു പുറമെ പെർമനെന്റ് റെജിസ്റ്റ.ർ നമ്പറിനുള്ള 525/- രൂപ കൂടി പരീക്ഷാ ഫീസിനോപ്പം അടക്കേണ്ടതാണ്.

മുമ്പ് ഇതേ കോഴ്സിന് അപേക്ഷിച്ച് പെർമനെന്റ് റെജിസ്റ്റ.റ് നമ്പ.റ് ലഭിച്ചിട്ടുള്ളവ.റ് അവരുടെ പെർമനെന്റ് റെജിസ്റ്റര് നമ്പ.റ് അപേക്ഷയി.ല് കാണിക്കേണ്ടതാണ്

| | സർവ്വീസിലുള്ളവരുടെ നിലവിലെ യോഗ്യത | അപേക്ഷിക്കാവുന്ന പരീക്ഷ |
|---|---|---|
| I | 1.KGTE Proof Reader (Lower)<br>2.KGTE Stereo Typing (Lower)<br>3.KGTE Compositors Work (Lower)<br>4.KGTE Type Casting (Lower) | KGTE Pre Press Operation |
| II | 1.KGTE Machine Work (Lower)<br>2.KGTE Press Work (Lower)<br>3.KGTE Printers Warehouse (Lower) | KGTE Press Work |
| III | KGTE Book Binding (Lower) | KGTE Post Press operation and finishing |

6. **അപേക്ഷാ ഫോറം**

പരീക്ഷയ്ക്കുള്ള അപേക്ഷാ ഫോറം www.tekerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ആയത് ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് നിശ്ചിത ഫീസ് ഒടുക്കിയ ചെലാൻ രസീതും പത്താം ക്ലാസ്സ്/തത്തുല്യ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം സ്ഥാപനമേധാവിയ്ക്ക് നിശ്ചിത തീയതിയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

7. **സ്ഥാപനമേധാവികൾക്കുള്ള നിർദ്ദേശങ്ങൾ**

സ്ഥാപനമേധാവികൾ പരീക്ഷാഫോമുകൾ സ്വീകരിക്കുമ്പോൾ തന്നെ അപേക്ഷന്റെ വിവരങ്ങൾ കൃത്യമാണോയെന്നും കൃത്യമായ ഫീസ് തുകയാണോ ഒടുക്കിയിരിക്കുന്നതെന്നും പരിശോധിക്കേണ്ടതാണ്. യോഗ്യരായ അപേക്ഷകരുടെ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് (പേര്, രജിസ്റ്റർ നമ്പർ, ഫീസ് വിവരം, ഹാജർ നിലവാരം ഉൾപ്പെടെയുള്ളവ) തയ്യാറാക്കി അപേക്ഷകൾ സാങ്കേതിക പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ നിശ്ചിത തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

8. **ഫീസ് വിവരം**

| | |
|---|---|
| പരീക്ഷാ ഫീസ് | 475/- രൂപ |
| ഗവ. ട്രഷറിയിൽ ഫീസ് അടയ്ക്കേണ്ട ഹെഡ് ഓഫ് അക്കൗണ്ട് | 0202-02-101-98-Exam fees |
| സപ്പ്ളിമെന്ററി വിഷയങ്ങള് ഓരോന്നിനും | 160/- |

9.

| | | |
|---|---|---|
| 1 | അപേക്ഷ സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയതി | 28.09.2020 |
| 2 | സ്ഥാപനമേധാവികൾ അപേക്ഷകൾ പരീക്ഷാ കൺട്രോളർക്ക് സമർപ്പിക്കേണ്ട അവസാന തീയതി | 30.09.2020 |

| | | |
|---|---|---|
| 3 | സ്ഥാപനമേധാവി, ഇന്റേണൽ മാർക്ക് സമർപ്പിക്കേണ്ട അവസാന തീയതി (കവറിനുപുറത്ത് കോൺഫിഡൻഷ്യൽ എന്ന് രേഖപ്പെടുത്തണം) അസിസ്റ്റന്റ് കൺട്രോളർ, സാങ്കേതിക പരീക്ഷാ കൺട്രോളറുടെ കാര്യാലയം, കൈമനം, തിരുവനന്തപുരം–40 എന്ന വിലാസത്തിലാണ് ഇന്റേണൽ മാർക്ക് അയയ്ക്കേണ്ടത്. | 30.09.2020 |
| 4 | സർവ്വീസിലുള്ളവർ സാങ്കേതിക പരീക്ഷാ കൺട്രോളർക്ക് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 30.09.2020 |

(1) ഫീസാനുകൂല്യത്തിന് അർഹരായ പരീക്ഷാർത്ഥികളുടെ ആയത് തെളിയിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(2) ഒരിക്കൽ അടച്ച പരീക്ഷാഫീസ് ഒരു കാരണവശാലും തിരികെ നൽകുകയോ മറ്റു പരീക്ഷകൾക്കായി പരിഗണിക്കുകയോ ചെയ്യുന്നതല്ല.

(3) പരീക്ഷാ ഫീസ് അടച്ചു എന്നത് പരീക്ഷ എഴുതുവാനുള്ള അവകാശമായി കണക്കാക്കുന്നതല്ല.

**10.** **പരീക്ഷാ ടൈംടേബിൾ:** പരീക്ഷാ ടൈംടേബിൾ സാങ്കേതിക പരീക്ഷാകൺട്രോളറുടെ ഔദ്യോഗിക വെബ്സൈറ്റിൽ (www.tekerala.org) പ്രസിദ്ധീകരിക്കുന്നതാണ്.

**11.** **ഹാൾടിക്കറ്റ്**

ഹാൾടിക്കറ്റ് പരീക്ഷാ കേന്ദ്രങ്ങൾ മുഖേന വിതരണം ചെയ്യുന്നതായിരിക്കും. ഹാൾടിക്കറ്റില്ലാതെ ഒരു കാരണവശാലും പരീക്ഷ എഴുതിക്കുന്നതല്ല.

**12.** **പ്രായോഗിക പരീക്ഷകൾ**

1. പ്രായോഗിക പരീക്ഷകൾ തീയറി പരീക്ഷയ്ക്ക് ശേഷം നടത്തുന്നതും പ്രായോഗിക പരീക്ഷകളുടെ കേന്ദ്രം പിന്നീട് അറിയിക്കുന്നതുമാണ്.
2. പ്രായോഗിക പരീക്ഷയുടെ തീയതിയും സമയവും പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിൽ നിന്നും പരീക്ഷാർത്ഥികൾ ഉറപ്പാക്കേണ്ടതാണ്. ഇതിന്റെ മുഴുവൻ ഉത്തരവാദിത്വവും പരീക്ഷാർത്ഥികൾക്കായിരിക്കും. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന പരീക്ഷാർത്ഥികളിൽ നിന്നും ഒരു പരാതിയും സ്വീകരിക്കുന്നതല്ല.

13. G.O.(MS) No. 09/92/H.Edn തീയതി. 06.01.1992 എന്ന സർക്കാർ ഉത്തരവ് പ്രകാരം 40 ശതമാനത്തിലധികം അംഗവൈകല്യമുള്ള ഭിന്നശേഷിക്കാരായ പരീക്ഷാർത്ഥികൾക്ക് 3 മണിക്കൂർ സമയ ദൈർഘ്യമുള്ള പരീക്ഷകൾക്ക് 30 മിനിട്ടും അതിൽ കുറവ് സമയ ദൈർഘ്യമുള്ള പരീക്ഷകൾക്ക് ആനുപാതികമായും അധിക സമയം അനുവദിച്ചിട്ടുണ്ട്. അത്തരം പരീക്ഷാർത്ഥികൾ ആയതിലേയ്ക്കുള്ള ഉത്തരവ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും നേടിയിരിക്കേണ്ടതാണ്.

14. പരീക്ഷാഫലം സാങ്കേതിക പരീക്ഷാ കൺട്രോളറുടെ വെബ്സൈറ്റായ www.tekerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയം ഉണ്ടായിരിക്കുന്നതല്ല. സൂക്ഷ്മ പരിശോധന (Scrutiny) നടത്തുന്നതാണ്.




**ജോയിന്റ് കൺട്രോളർ**

**സാങ്കേതിക വിദ്യഭ്യാസ വകുപ്പ്**
**സാങ്കേതിക പരീക്ഷാകൺട്രോളറുടെ കാര്യാലയം**
**കെ.ജി.സി.ഇ പ്രിന്റിംഗ് ടെക്നോളജി പരീക്ഷ 2020**
**അപേക്ഷാഫോറം**

ഫോട്ടോ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തുക

**പാർട്ട് – 1**
( എല്ലാ അപേക്ഷകരും പൂരിപ്പിക്കേണ്ടത് )

1. അപേക്ഷിക്കുന്ന വിഷയം :

2. പരീക്ഷാർത്ഥിയുടെ പേര് :
   (എ) മലയാളത്തിൽ :
   (ബി)ഇംഗ്ളീഷിൽ :
   (വലിയ അക്ഷരത്തിൽ യോഗ്യത സർട്ടിഫിക്കറ്റിലേതു പോലെ )

3. രക്ഷിതാവിന്റെ പേര് :

4. തപാൽ മേൽവിലാസം :
   (ഫോൺ നമ്പർ ഉൾപ്പെടെ)

5. സ്ഥിരമായ മേൽവിലാസം :

6. ജാതി–മതം (പട്ടിക ജാതി/പട്ടിക വർഗ്ഗമാണെങ്കിൽ വ്യക്തമാക്കണം) :

7. ജനന തീയതിയും വയസ്സും (തെളിവ് ഹാജരാക്കണം) :

8. ജയിച്ച പരീക്ഷകൾ
   (എ) ജനറൽ (സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം)

9. എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ച വർഷവും രജിസ്റ്റർ നമ്പരും :

10. അടച്ച പരീക്ഷാഫീസ് സംഖ്യ, ചെലാൻ നമ്പരും തീയതിയും, ട്രഷറിയുടെ പേര് മുതലായവ :

11. ഒരിക്കൽ പരീക്ഷയെഴുതി പരാജയപ്പെട്ടതാണെങ്കിൽ ആ പരീക്ഷയുടെ രജിസ്റ്റർ നമ്പരും വർഷവും :

:

**പ്രതിജ്ഞ**

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങളെല്ലാം സത്യമാണെന്ന് ഞാൻ ഇതിനാൽ പ്രതിജ്ഞ ചെയ്തുകൊളളുന്നു.

സ്ഥലം:
തീയതി: അപേക്ഷകന്റെ ഒപ്പ്

**<u>പാർട്ട് – 2</u>**

(അംഗീകൃത സ്ഥാപനത്തിൽ പഠിച്ച അപേക്ഷകർ പൂരിപ്പിക്കാനുള്ളത്)

1. പഠിച്ച സ്ഥാപനം :
2. പഠിച്ച കോഴ്സ് :
3. ഹാജർ ശതമാനം :
   (സ്ഥാപന മേധാവി പൂരിപ്പിക്കേണ്ടത്)

അപേക്ഷകന്റെ ഒപ്പ് സ്ഥാപന മേധാവിയുടെ ഒപ്പ്

**<u>പാർട്ട് – 3</u>**

<u>( സർക്കാർ സർവ്വീസിലുള്ള അപേക്ഷകർ പൂരിപ്പിക്കാനുള്ളത് )</u>

1. തൊഴിൽ ചെയ്യുന്ന സ്ഥാപനം :
2. വകുപ്പ് :
3. തസ്തിക :
4. സർക്കാർ സർവ്വീസിൽ ചേർന്ന തീയതി :
5. കെ.ജി.സി.ഇ സർട്ടിഫിക്കറ്റ് നേടിയ വിഷയം :
6. **തൊഴിൽ പരിചയം : …….. വർഷം ……… മാസം**
7. **തൊഴിൽ മേഖല / സ്വഭാവം :**

അപേക്ഷകന്റെ ഒപ്പ് സ്ഥാപന മേധാവിയുടെ ഒപ്പ്